**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1468** **14-03-2022 - ൽ മറുപടിയ്ക്ക്**

**പാറക്കടവ് വില്ലേജിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ പാറക്കടവ് വില്ലേജിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന നമ്പർ 132, 69 എന്നീ അംഗനവാടികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് കളക്ടറേറ്റിലും കൊച്ചി റവന്യൂ ഡിവിഷനിലും സമർപ്പിച്ച അപേക്ഷയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാറക്കടവ് വില്ലേജിൽ പ്രവർത്തിക്കുന്ന 132-ാം നമ്പർ അംഗൻവാടിയ്ക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ച അർത്ഥന ലഭ്യമായിട്ടില്ല. പാറക്കടവ് വില്ലേജിൽ ബ്ലോക്ക് 6 ൽ റീസർവ്വെ 364/4pt ൽ പെട്ട 02.02ആർ വസ്തു 69-ാം നമ്പർ അംഗൻവാടിയ്ക്ക പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറ്റം ചെയ്തു ലഭിക്കുന്നതിനായി അർത്ഥന ലഭ്യമാവുകയും ചെയ്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത അംഗനവാടികൾ സംബന്ധിച്ച ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | 69-ം നമ്പർ അംഗൻവാടിയുടെ ഭൂമി കൈമാറ്റ പ്രൊപ്പോസൽ തഹസിൽദാർ ആർ ഡി ഒ യ്ക്ക് സമർപ്പിച്ചിട്ടുള്ളതും ടി പ്രൊപ്പോസൽ ആർ ഡി ഒ പരിശോധിച്ച് വരികയുമാണ് . |
| (സി) | പ്രസ്തുത അംഗനവാടികളുടെ ആവശ്യങ്ങൾക്ക് എന്നത്തേക്ക് പരിഹാരമുണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (സി) | അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ആർ ഡി ഒ യ്ക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ